**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1367** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ആഭ്യന്തര-വിദേശ വിനോദസഞ്ചാരികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. എസ്. ജോയി

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്തെത്തിയ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളുടെ എണ്ണം എത്രയാണ്; സംസ്ഥാനത്ത് ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾ ഏറ്റവും കൂടുതൽ സന്ദർശിച്ചിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കഴിഞ്ഞ അഞ്ചു വർഷത്തിലെ ആഭ്യന്തര - വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കലണ്ടർ വർഷം | ആഭ്യന്തിര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ എണ്ണം | വിദേശ സന്ദർശങ്ങളുടെ എണ്ണം |
|---|---|---|
| 2021 | 7537617 | 60,487 |
| 2022 | 18867414 | 3,45,549 |
| 2023 | 21871641 | 6,49,057 |
| 2024 | 22246989 | 7,38,374 |
| 2025 | 2,50,58,366 | 8,21,999 |

2025 ൽ വിദേശ/ആഭ്യന്തര വിനോദ സഞ്ചാരികൾ ഏറ്റവും കൂടുതൽ സന്ദർശിച്ച പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ **<u>അനുബന്ധം</u>** ആയി ചേർത്തിരിക്കുന്നു.

**(ബി)** സംസ്ഥാനത്തെ ടൂറിസം പ്രചരിപ്പിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ദേശീയ, അന്തർദേശീയ തലങ്ങളിൽ ചെലവഴിച്ച തുക സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ; കൂടുതൽ

വിനോദസഞ്ചാരികളെ ആകർഷിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>**

| 3452-80-104-98-00-34-03-P-V | |
|---|---|
| Year | Expenditure |
| 2021-22 | 64,99,35,693 |
| 2022-23 | 80,64,14,460 |
| 2023-24 | 63,66,85,435 |
| 2024-25 | 61,93,53,001 |
| 2025-26 | 72,49,49,572 |

ദേശീയവും അന്തർദേശീയവുമായ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി പരമ്പരാഗതമായ പ്രിന്റ് ക്യാമ്പയിനുകൾക്ക് പുറമെ നവസാമൂഹ്യമാധ്യമങ്ങളിലൂടേയും ടെലവിഷൻ, സിനിമ ഹാൾ, എയർപോർട്ട് മുതലായവയിലൂടെയും ടൂറിസം വകുപ്പ് മാർക്കറ്റിംഗ് ക്യാമ്പയിനുകൾ നടത്തി വരുന്നു. കൂടാതെ, സ്വകാര്യ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പ്രധാന പട്ടണങ്ങളിൽ ടൂറിസം വകുപ്പ് പാർട്ണർഷിപ് മീറ്റുകൾ സംഘടിപ്പിക്കുകയും പ്രധാന ടൂറിസം ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ചെയ്യുന്നു.

അതോടൊപ്പം  പ്രശസ്തരായ ഇൻഫ്ളുവൻസേഴ്സ്, മാധ്യമപ്രവർത്തകർ എന്നിവരിലൂടെ കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രചരണം നടത്തുന്നതിനായി ഫാം ടൂറുകളും നടത്തിവരുന്നു. പ്രകൃതി ക്ഷോഭങ്ങളെ തുടർന്ന് പ്രതിസന്ധിയിലായ വയനാടൻ ടൂറിസത്തെ കൈപിടിച്ചുയർത്താനായി ബ്രാൻഡ് വയനാട് ക്യാമ്പയിൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട് .

**(സി)** സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾക്കെതിരെ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികൾക്കെതിരെ ആക്രമണങ്ങൾ നടന്നതായി ഉള്ള പരാതികൾ ടൂറിസം വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

## 2025 ൽ വിദേശ/ആഭ്യന്തിര വിനോദ സഞ്ചാരികൾ ഏറ്റവും കൂടുതൽ സന്ദർശിച്ച പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ

| ക്രമ നമ്പർ | വിദേശ വിനോദസഞ്ചാരികൾ കൂടുതൽ സന്ദർശിച്ച പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ |
|---|---|
| 1 | കൊച്ചി സിറ്റി |
| 2 | തേക്കടി |
| 3 | തിരുവനന്തപുരം സിറ്റി |
| 4 | മൂന്നാർ |
| 5 | കുമരകം |
| 6 | കോവളം |
| 7 | ആലപ്പുഴ |
| 8 | ഫോർട്ട് കൊച്ചി |
| 9 | കോഴിക്കോട് സിറ്റി |
| 10 | മരട് |
| 11 | കുട്ടനാട് |
| 12 | വർക്കല |
| 13 | ഗുരുവായൂർ |
| 14 | ചൊവ്വര |
| 15 | കൊല്ലം |

| ക്രമ നമ്പർ | ആഭ്യന്തര വിനോദസഞ്ചാരികൾ കൂടുതൽ സന്ദർശിച്ച പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ |
|---|---|
| 1 | മൂന്നാർ |
| 2 | കൊച്ചി സിറ്റി |
| 3 | തിരുവനന്തപുരം സിറ്റി |
| 4 | ഗുരുവായൂർ |
| 5 | കോഴിക്കോട് സിറ്റി |
| 6 | തേക്കടി |
| 7 | വർക്കല |
| 8 | കോവളം |
| 9 | വയനാട് |
| 10 | ആലപ്പുഴ |
| 11 | പൂക്കോട് ലേക്ക്-വൈത്തിരി |
| 12 | കുമരകം |
| 13 | ഇരിങ്ങൽ-കോട്ടക്കൽ |
| 14 | പറശ്ശിനികടവ് |
| 15 | വാഗമൺ |